**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6700** **21-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ടൂറിസം മെഗാ സർക്യൂട്ട് പദ്ധതിയുടെ പ്രവൃത്തി എന്നാണ് ആരംഭിച്ചത് എന്നും പദ്ധതി എന്നാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ? | (എ) | 'Development of Backwater Circuit in Alappuzha in Backwater region as a mega circuit in Kerala' എന്ന പദ്ധതിക്ക് 12.07.2013ലെ സ.ഉ.(സാധാ.) 5749/2013/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 21 ഘടകങ്ങൾക്കായി മൊത്തം 52.25 കോടി രൂപ ചെലവ് കണക്കാക്കിയ പദ്ധതിയുടെ കേന്ദ്രവിഹിതം 47.62 കോടി രൂപയും സംസ്ഥാന വിഹിതം 4.63 കോടി രൂപയും ആയിരുന്നു. പദ്ധതിയ്ക്ക് മുൻകൂർ വിഹിതമായി കേന്ദ്രം 9,52,00,000 രൂപ അനുവദിച്ചിരുന്നു.<br><br>വിവിധ കാരണങ്ങളാൽ കേന്ദ്രസർക്കാർ ഈ പദ്ധതിയ്ക്ക് ബാക്കി തുക അനുവദിച്ചില്ല. 14.12.2015 ൽ ടൂറിസം മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുക ടൂറിസം വകുപ്പിൽ നിന്ന് ഏജൻസികൾക്ക് നൽകാൻ തീരുമാനിച്ചു. 21 ഘടകങ്ങളിൽ 2 എണ്ണം ഒഴിവാക്കി 19 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി. ഇതിൽ 13 ഘടകങ്ങൾ പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ പ്രവർത്തനത്തിന് CRZ അനുമതി ലഭിക്കാനുണ്ട്. ഒരെണ്ണത്തിന് ഇൻലാൻഡ് വാട്ടർവേ അതോറിറ്റിയുടെ അനുമതി ലഭിക്കാനുണ്ട്. പണി പൂർത്തിയായെങ്കിലും ഒരെണ്ണത്തിന് പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമുണ്ട്. ഒരു പ്രവൃത്തിയിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ